## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5295
## 01-07-2019 - ലെ മറുപടിക്ക്

### ഏറനാട് നിയോജകമണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ്

| ചോദ്യം<br>**ശ്രീ.പി.കെ ബഷീർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| (എ) ഏറനാട് നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിലും സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ടിലുമായി 2016-17, 2017-18,2018-19 സാമ്പത്തിക വർഷങ്ങളിൽ ടെണ്ടർ സേവിംഗ്സ് ആയി എത്ര തുകയുണ്ടെന്ന് വ്യക്തമാക്കാമോ; | നിയോജകമണ്ഡല ആസ്തി വികസന നിധി മുഖാന്തിരം ഉള്ള പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി മൂന്ന് വർഷത്തിനുള്ളിൽ പ്രവൃത്തി ആരംഭിച്ചാൽ മതിയാകും. ഇല്ലാത്ത പക്ഷം പ്രത്യേകാനുമതിയിലൂടെ പുതുക്കിയ ഭരണാനുമതിയും ആവശ്യമെങ്കിൽ പുതുക്കിയ സാങ്കേതികാനുമതിയും നൽകുന്നതാണ്. തുടർന്ന് പല ഘട്ടങ്ങൾക്ക് ശേഷം പ്രവൃത്തി പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ സേവിംസ്/എക്സസ് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംസ്/എക്സസ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | 04/08/2018 ലെ സ.ഉ(പി) നം.119/ 2018/ധന ഉത്തരവ് 2.7 മുതൽ 2.10 വരെ നിർദ്ദേശങ്ങൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ടെണ്ടർ സേവിംഗ്സ് വിനിയോഗിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**